LIBRARY ARCHIVES Kerala Legislative Assembly

പോലീസ് കോൺസ്റ്റബിൾ ഒഴിവുകൾ

194 (3827)ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ നിലവിൽ വന്ന പി.എസ്.സി.-യുടെ കേരള പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ ലിസ്റ്റിൽനിന്നും എത്ര പേരെ ഇതുവരെ നിയമന ശുപാർശ ചെയ്തു ; എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) 2011-2014 സാമ്പത്തിക വർഷ കാലയളവിൽ പോലീസ് സേനയിൽ ഉണ്ടായ റിട്ടയർമെൻറ് ഒഴിവുകൾ എത്ര ; ഇവയിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു ; ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഇടുക്കി ജില്ലയിൽ മാത്രം എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്രദിവസത്തിനകം നിയമനം നടത്തും എന്നറിയിക്കാമോ ?

ഉത്തരം

(എ) 2014-ൽ നിലവിൽ വന്ന പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും 1479 പേരെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. നിലവിലെ ഒഴിവുകൾ എത്രയെന്ന് ശേഖരിച്ചു നൽകുന്നതാണ്.

(ബി-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

195 (3828) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കേസുകളിൽപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ;

(ബി) ഇവ ലേലം ചെയ്യുന്നതിനോ വിൽക്കുന്നതിനോ നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ; ഇതിനു വേണ്ടിവരുന്ന ചുരുങ്ങിയ കാലാവധി എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾ ലേലം ചെയ്തു ; ഇതിൽ നിന്നും എന്ത് തുക സർക്കാരിന് ലഭിച്ചു ;

(ഡി) വാഹനങ്ങൾ നശിച്ചുപോകുന്നതിന് മുമ്പുതന്നെ ലേലം ചെയ്തു വിൽക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ക്രൈം കേസിൽ ഉൾപ്പെട്ട വാഹനങ്ങൾ കേസ് തീരുന്ന മുറക്ക് ബഹുമാനപ്പെട്ട കോടതിയുടെ അനുവാദത്തോടുകൂടി ഡിസ്പോസൽ ചെയ്യുവരുന്നു. അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ കേരളാ പോലീസ് ആക്ട് 56 പ്രകാരം ലേലം ചെയ്ത് ഒഴിവാക്കുന്നു. ഇതിന് പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല.

(സി) 9000 വാഹനങ്ങൾ ലേലം ചെയ്തു. ഇതിൽനിന്നും 4,79,79,723 രൂപ (നാല് കോടി എഴുപത്തിയൊൻപത് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി എഴുന്നൂറ്റി ഇരുപത്തി മൂന്ന്) സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) അവകാശികളില്ലാത്ത വാഹനങ്ങൾ നശിച്ചുപോകുന്നതിന് മുമ്പുതന്നെ ലേലം ചെയ്ത് വിൽക്കുന്നതിന് പരമാവധി വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ക്യാമറ സ്ഥാപിക്കുന്നതിന് ചെലവായ തുകയും ക്യാമറയുടെ പ്രവർത്തനവും

196 (3829) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ആഭ്യന്തര വകുപ്പ് റോഡുകളിൽ ആധുനിക ക്യാമറാ സൗകര്യം ഏർപ്പെടുത്തുവാനായി നാളിതുവരെ എത്ര തുക ചെലവാക്കി ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകമാനം എത്ര ക്യാമറകൾ സ്ഥാപിച്ചു; അവയിൽ എത്ര എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ് ; എത്ര എണ്ണം പ്രവർത്തനരഹിതമായി ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്യാമറകൾ സ്ഥാപിക്കാനും അറ്റകുറ്റപ്പണികൾക്കുമായി ഏതൊക്കെ സ്ഥാപനങ്ങളെ നിയോഗിച്ചിട്ടുണ്ട് ; ഇതിനായി എന്ത തുക ഓരോവർഷവും നൽകേണ്ടതുണ്ട്; ഇതിൽ എത്ര തുക ഓരോ വർഷവും നൽകി; എത്ര നൽകാനുണ്ട് ; പ്രസ്തുത സ്ഥാപനങ്ങൾ കരാർ ലംഘനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly